പതിനാലാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4160 24/6/2019 ൽ മറുപടിക്ക്

## പശുക്കുട്ടികൾക്ക് ശാസ്ത്രീയ പരിചരണം

ചോദ്യം

ശ്രീ.ഇ.കെ.വിജയൻ :
ശ്രീമതി.ഗീതാ ഗോപി
ശ്രീ.ഇ.ടി. ടൈസൺ മാസ്റ്റർ
ശ്രീ.മുഹമ്മദ് മുഹസിൻ പി:

മറുപടി

അഡ്വ .കെ.രാജു
(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി).

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്ത് ജനിക്കുന്ന മുഴുവൻ പശുക്കുട്ടികൾക്കും ശാസ്ത്രീയ പരിചരണം ലഭ്യമാക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ; | എ) | സംസ്ഥാന മൃഗസംരക്ഷണ വകുപ്പ് സംസ്ഥാനത്ത് ജനിയ്ക്കുന്ന കന്നുകുട്ടികൾക്ക് പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി മുഖേന വിവിധ ആനുകൂല്യങ്ങൾ നൽകി വരുന്നു. |
| ബി) | കന്നുകുട്ടികളുടെ വളർച്ച ലക്ഷ്യമിട്ട് തീറ്റയുടെ ആവശ്യകത ശാസ്ത്രീയമായി കണക്കാക്കി സബ്സിഡി നിരക്കിൽ കാലിത്തീറ്റ നൽകുന്നതിന് നടപടി സ്വീകരിക്കുന്നുണ്ടോ; വിശദമാക്കുമോ; | ബി) | ഉണ്ട്. നിലവിൽ കാഫ് അഡോപ്ഷൻ പ്രോഗ്രാം (CAP), ഗോവർദ്ധിനി, സ്പെഷ്യൽ ഗോവർദ്ധിനി എന്നീ പദ്ധതികൾ സംസ്ഥാന മൃഗസംരക്ഷണ വകുപ്പ് നടപ്പാക്കി വരുന്നു. ഈ പദ്ധതിയിൽ ഉൾപ്പെടുന്ന കന്നുകുട്ടികൾക്ക് സബ്സിഡി നിരക്കിൽ തീറ്റ വിതരണം നടത്തുന്നുണ്ട്. |
| സി) | കന്നുകുട്ടി പരിപാലനം, ഗോവർദ്ധിനി പദ്ധതികളിലൂടെ പശുക്കുട്ടികൾക്കും ക്ഷീരകർഷകർക്കും ലഭ്യമാകുന്ന സൗകര്യങ്ങളും ആനുകൂല്യങ്ങളും എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | സി) | പാലുല്പാദന രംഗത്ത് സ്വയം പര്യാപ്തതയും ഭക്ഷ്യ സുരക്ഷയും ഉറപ്പാക്കുന്നതിന് മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കി വരുന്ന പ്രധാനപ്പെട്ട ഒരു പദ്ധതിയാണ് പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി. 25% സംസ്ഥാന വിഹിതവും,25% തദ്ദേശസ്വയംഭരണ സ്ഥാപന വിഹിതവും,50% ഗുണഭോക്തൃവിഹിതവുമാണ് കന്നുകുട്ടി പരിപാലന പദ്ധതിയായ CAP-ൽ ഉള്ളത്. 50% സംസ്ഥാന വിഹിതവും 50% ഗുണഭോക്തൃവിഹിതവുമാണ് ഗോവർദ്ധിനി പദ്ധതിയിലുള്ളത്. 4 മുതൽ 6 മാസം വരെ പ്രായമുള്ള പശുക്കുട്ടികളെയും എരുമക്കുട്ടികളെയും |

| | | | |
|---|---|---|---|
| | | | തെരെഞ്ഞെടുത്തു 30 മാസം പ്രായമാകുന്നത് വരെ പകുതി വിലയ്ക്ക് തീറ്റ നൽകുകയും ,32 മാസം പ്രായം വരെ ഇൻഷ്വറൻസ് പരിരക്ഷ നൽകുകയും യഥാസമയം വിരമരുന്ന്, ധാതുലവണ മിശ്രിതം എന്നിവ നൽകി ആരോഗ്യ പരിശോധനയ്ക്ക് വിധേയമാക്കുകയും ചെയ്യുന്നു. ക്ഷീരകർഷർക്ക് ശാസ്ത്രീയ മൃഗപരിപാലനം സംബന്ധിച്ച് പരിശീലനവും നൽകുന്നു. |
| ഡി) | പശുക്കുട്ടികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ? | | ഉണ്ട്. സംസ്ഥാന മൃഗസംരക്ഷണ വകുപ്പിന്റെ കന്നുകുട്ടി പരിപാലന പദ്ധതിയിലേയ്ക്ക് കന്നുകുട്ടികളെ വരിചേർക്കുമ്പോൾ ഇൻഷ്വറൻസ് പ്രീമിയത്തിന്റെ പകുതി തുക സബ്സിഡിയായി നൽകി 32 മാസം പ്രായമാകുന്നതു വരെയുള്ള കാലയളവിലേക്ക് ഇൻഷ്വർ ചെയ്യുന്നു. 2019-20 സാമ്പത്തിക വർഷം ഇൻഷ്വർ ചെയ്യുന്ന ഒരു കന്നുകുട്ടിക്ക് 600/- രൂപ ഇൻഷ്വറൻസ് പ്രീമിയം തുകയായി നിശ്ചയിച്ച് ഡയറക്ടർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിൻപ്രകാരം നടപ്പുവർഷം യുണൈറ്റഡ് ഇന്ത്യ ഇൻഷ്വറൻസ് കമ്പനിയുമായി ധാരണാപത്രം ഒപ്പുവെച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ